കേരളസർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം ശ്രീ.അബ്ദുൾ റഊഫ്.എം.കെ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ടയേർഡ്), ഗ്രാമവികസന വകുപ്പ് - പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ജോലി ചെയ്തിരുന്ന കാലയളവ്, അനധികൃത ഹാജരില്ലായ്മയിലായിരുന്ന കാലയളവ് എന്നിവ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1501/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 21.05.2015**

---

പരാമർശം:- 1. 18.02.1981-ലെ ജി.ഒ.(പി)നമ്പർ 48/81/ജിഎഡി നമ്പർ ഉത്തരവ്.

2. ഗ്രാമവികസന കമ്മീഷണറുടെ 22.07.2011 തീയതിയിലെ 1297/എസ്റ്റാബി2/11/സിആർഡി നമ്പർ നടപടിക്രമവും 31.07.2012 തീയതിയിലെ 26171/എസ്റ്റാ.എ2/11/സിആർഡി നമ്പർ നടപടിക്രമവും.

3. ശ്രീ.അബ്ദുൾ റഊഫ്.എം.കെ. 12.11.2012 തീയതിയിൽ സമർപ്പിച്ച അവധി അപേക്ഷയും 04.12.2012, തീയതിയിൽ സമർപ്പിച്ച അപേക്ഷയും.

4 ഗ്രാമവികസന കമ്മീഷണറുടെ 22.03.2013 തീയതിയിലെ 1297/എസ്റ്റാ.ബി2/11/സിആർഡി നമ്പർ കത്ത്.

5. ജി.ഒ.(ആർ.ടി) നം.2501/14/തസ്വഭവ, തീയതി 25.09.2014.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ.ഗ്രേഡ് II ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീ.അബ്ദുൾ റൗഫ് 15.12.1992ൽ ശൂന്യവേതനാവധിക്ക് അപേക്ഷ നൽകുകയും ടി അപേക്ഷയിന്മേൽ തീരുമാനം ഉണ്ടാകുന്നതിനു മുൻപ് തന്നെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും സർക്കാർ അനുമതി കൂടാതെ വിദേശത്ത് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പരാമർശം (2)ലെ 22.07.2011-ലെ നടപടിക്രമം പ്രകാരം ശ്രീ.അബ്ദുൾ റൗഫിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും ടിയാനെതിരായ അച്ചടക്ക നടപടി ടിയാളുടെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട് പരാമർശം (2)ലെ 31.07.2012-ലെ നടപടിക്രമം പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നു. പരാമർശം (5) പ്രകാരം ടിയാൻ പുനർനിയമനത്തിനായി കാത്തു നിന്ന 14.01.2011 മുതൽ 21.07.2011 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ക്രമീകരിച്ച് ഉത്തരവാകുകയും ചെയ്തു.

ശ്രീ.അബ്ദുൾ റൗഫ് അനധികൃത ഹാജരില്ലായ്മയിലായിരുന്ന 07.09.1992 മുതൽ 13.01.2011 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി അനുവദിക്കണമെന്ന പരാമർശം (3) പ്രകാരമുള്ള

ടിയാന്റെ അവധി അപേക്ഷ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിലേയ്ക്ക് അയച്ചു തന്നിരുന്നു.

ശ്രീ.അബ്ദുൾ റൗഫ് ഗ്രാമവികസന വകുപ്പിൽ 16.08.1985-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയി സർവ്വീസിൽ പ്രവേശിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് II ആയി ജോലി ലഭിച്ചതിനെ തുടർന്ന് 09.04.1990ൽ ഗ്രാമവികസന വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ജോലിയിൽ പ്രവേശിക്കുകയും, വ്യക്തിപരമായ കാരണങ്ങളാൽ പ്രസ്തുത ജോലി രാജി വയ്ക്കുകയും 21.07.1990ൽ ഗ്രാമവികസന വകുപ്പിൽ തിരികെ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാൾ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് II ആയി ജോലി ചെയ്തിരുന്ന 09.04.1990 മുതൽ 20.07.1990 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന(1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ റൗഫിന്റെ പ്ലാന്റേഷൻ കോർപ്പറേഷൻ, കേരള ലിമിറ്റഡിലെ സേവനം ഗ്രാമവികസന വകുപ്പിൽ യാതൊരു സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ലെന്നും ഗ്രാമവികസന വകുപ്പിൽ നിന്നും വിട്ട് നിന്ന കാലയളവ് മുൻകാല സേവനം നഷ്ടപ്പെടാതെ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും, ടിയാന്റെ 07.09.1992 മുതൽ 13.01.2011 വരെയുള്ള അനധികൃത ഹാജരില്ലായ്മ മുൻകാല സേവനം നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഫിന്നി സഖറിയ
അഡീഷണൽ സെക്രട്ടറി

ശ്രീ.അബ്ദുൾ റഊഫ്.എം.കെ, ജോയിന്റ് ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ (റിട്ടയേർഡ്)
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (സർവ്വീസ് ബുക്ക് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തൃശ്ശൂർ
ധനകാര്യ വകുപ്പ് (യു.ഒ.നം. 90967/ഡെവ1/2014/ധന, തീയതി 31.01.15,
12950/ഡെവ1/2015/ധന, തീയതി 28.02.2015,)
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ